പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 291 | 28/01/2019 ൽ മറുപടി<br>നല്കേണ്ടത്. |

## ജ്യൂസ്-ഐസ് ക്രീം വിൽപന മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.മമ്മൂട്ടി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ ജ്യൂസ് കടകളിലേക്കും ഐസ് ക്രീം പാർലറുകളിലേക്കും ജ്യൂസ്, അസംസ്കൃത പൗഡറുകൾ, സർബത്ത് എന്നിവ എവിടെനിന്നാണ് എത്തിക്കുന്നതെന്ന് ആരോഗ്യവകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; ഇത്തരം വിതരണക്കാരെ കണ്ടെത്താൻ ശ്രമം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ഇത്തരം അസംസ്കൃത വസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങൾ ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷനോടുകൂടിയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്താറുണ്ട്.<br>കൂടാതെ, ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താറുണ്ട്.<br>പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കാത്തതും, രജിസ്ട്രേഷൻ/ ലൈസൻസ് ഇല്ലാത്തതുമായ സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. |
| ബി) | ഇത്തരം വിതരണക്കാരെ സംബന്ധിച്ച അന്വേഷണത്തിൽ നിന്നും ഉദ്യോഗസ്ഥർ മന:പൂർവം വിട്ടുനിൽക്കുന്നത് അതീവ ഗൗരവമായി കാണുമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ഇപ്രകാരം നിർമ്മിക്കുന്ന ജ്യൂസ്, സർബത്ത് എന്നിവ ഉപയോഗിക്കുന്നവർക്ക് പ്രത്യേകിച്ച് യുവ സമൂഹത്തിന് വരുത്തുന്ന ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഇതിലെ ചേരുവകൾ കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; | സി) | കണ്ടെത്തിയിട്ടില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നിരവധി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. കൂടാതെ രാസപരിശോധനകൾ നടത്തുന്നതിനായി ഭക്ഷണ പദാർത്ഥങ്ങളുടെ സാമ്പിൾ ശേഖരിച്ച് ലാബ് പരിശോധനയ്ക്ക് അയയ്ക്കുകയും റിപ്പോർട്ടുകൾ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഇത്തരം വിൽപ്പന കേന്ദ്രങ്ങൾ മറയാക്കി സാമൂഹ്യവിരുദ്ധർ യുവസമൂഹത്തെ മയക്ക് മരുന്നുൾപ്പെടെയുള്ള ലഹരി ഉപയോഗത്തിലേക്ക് എത്തിക്കുമെന്നത് കണക്കാക്കി നടപടി സ്വീകരിക്കുമോ; | ഡി) & ഇ) | ലഹരി പദാർത്ഥ ഉപയോഗവും വ്യാപനവും തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുകയും മയക്കമരുന്ന് വിപണന സാധ്യത സംശയിക്കുന്ന ജ്യൂസ് കടകൾ ഐസ് ക്രീം പാർലറുകൾ സർബത്ത് വിൽപ്പന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ നിരീക്ഷിക്കുകയും പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. ഇത്തരം വിതരണക്കാരുടെ നിർമ്മാണ യൂണിറ്റുകൾ പരിശോധിക്കാൻ ഭക്ഷ്യസുരക്ഷാവകുപ്പിനും അധികാരമുണ്ട്. |
| ഇ) | ഇത്തരം വിതരണക്കാരുടെ നിർമ്മാണ യൂണിറ്റുകൾ പരിശോധിക്കാൻ അധികാരപ്പെട്ട വകുപ്പുകൾ ഏതൊക്കെയാണ്; | | |
| എഫ്) | നിർമ്മാതാക്കൾക്ക് മുന്നറിയിപ്പ് നല്കാതെ മാസത്തിലൊരിക്കലെങ്കിലും രഹസ്യമായി പരിശോധന നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ; | എഫ്) | പരിശോധനകൾ എല്ലാംതന്നെ മുന്നറിയിപ്പില്ലാതെയാണ് നടത്തി വരുന്നത്. |
| ജി) | ഉദ്യോഗസ്ഥർ സ്വാധീനത്തിനടിപ്പെട്ട് നിർമ്മാതാക്കൾ നല്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | ജി) | അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(signature)

സെക്ഷൻ ഓഫീസർ